പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3073 03. 04. 2013- ലെ മറുപടി

ഹെൽപ്പ് ഡെസ്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശത്ത് മലയാളികളുടെ തിരോധാനവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിദേശത്ത് മലയാളികളുടെ തിരോധാനവുമായി ബന്ധപ്പെട്ട് 28 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണം പരിഹരിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പരാതികളിൽ 8 എണ്ണം ആവശ്യമായ രേഖകൾ / വിവരം ലഭിച്ചതിനാൽ ഇതിനകം തീർപ്പാക്കിയിട്ടുണ്ട്. പലപ്പോഴും കാണാതായ പ്രവാസി മലയാളികളെ കണ്ടെത്തിയാൽ എംബസിയോ ടി പ്രവാസി മലയാളികളോ നേരിട്ട് വീട്ടുകാരുമായി ബന്ധപ്പെടാറുണ്ട്. ഇക്കാര്യം നോർക്ക വകുപ്പിനെ അറിയിക്കാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല. |
| (സി) പ്രവാസിമലയാളികളുടെ ആവശ്യവുമായി ബന്ധപ്പെട്ട് നോർക്ക സെക്ഷനിൽ എത്തുന്നവരോട് ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറുന്നു എന്ന് പരാതി ലഭിച്ചിട്ടുണ്ടോ; | (സി) അപ്രകാരം പരാതി ലഭിച്ചിട്ടില്ല. |
| (ഡി) ഉണ്ടെങ്കിൽ അത് ഏത് ഉദ്യോഗസ്ഥനാണെന്നും പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ഡി) ബാധകമല്ല. |

| | |
|---|---|
| (ഇ) വിദേശമലയാളി പ്രശ്നവുമായി ബന്ധപ്പെട്ട് നോർക്ക സെക്ഷനിൽ എത്തുന്നവരെ സഹായിക്കുന്നതിനും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും സെക്രട്ടേറിയറ്റിൽ ഹെൽപ്പ് ഡെസ്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ഇ) വിദേശ മലയാളി പ്രശ്നവുമായി ബന്ധപ്പെട്ട് നോർക്ക സെക്ഷനിൽ എത്തുന്നവർക്ക് വളരെ വിശദമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഇപ്പോൾ തന്നെ നൽകി വരുന്നത്. കൂടാതെ ഫോൺ മുഖാന്തിരം ബന്ധപ്പെടുന്നവർക്കും ആവശ്യമായ ഉപദേശവും മാർഗ്ഗനിർദ്ദേശവും സംശയ നിവാരണവും നൽകി പരമാവധി സേവനം നൽകി വരുന്നു. അതിനാൽ പ്രത്യേക ഹെൽപ് ഡെസ്ക് തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല . |
| (എഫ്)നോർക്കയിൽ നൽകുന്ന പരാതികൾ സംബന്ധിച്ച പുരോഗതി പരാതിക്കാരെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) നോർക്കയിൽ നൽകുന്ന എല്ലാ പരാതികളിന്മേലും പ്രസ്തുത പരാതി സംബന്ധിച്ച പുരോഗതി ഉടനടി തന്നെ പരാതിക്കാരെ അറിയിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ